(ഇ & എഫ്) ട്രാഫിക് ഡ്യൂട്ടികൾക്കും മറ്റു ഡ്യൂട്ടികൾക്കും പോകുന്ന പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

**രജിസ്റ്റർ ചെയ്ത കേസുകൾ**

**68 (75)** ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ 2000 മേയ് 31 വരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) അവയിൽ എത്ര എണ്ണം റഫർ ചെയ്തു ;

(സി) എത്രയെണ്ണം ചാർജ്ജ് ചെയ്തു എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 5,02,406 കേസുകൾ

(ബി) 95,364 കേസുകൾ

(സി) 3,42,275 കേസുകൾ

**ശ്രീനാരായണഗുരുദേവന്റെ പ്രതിമകൾ തകർത്ത സംഭവങ്ങൾ**

**69 (76)** ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ.ഇ. എം. അഗസ്തി :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റവും അവസാനം കൊല്ലം എസ്.എൻ.കോളേജിൽ നടന്ന വിദ്യാർത്ഥി സമരം ഒത്തു തീർപ്പാക്കിയ തീയതിക്ക് ശേഷം ശ്രീനാരായണ ഗുരുദേവന്റെ പ്രതിമകൾ തകർത്ത എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) എവിടെയെല്ലാമാണ് ഈ കാലയളവിൽ ഗുരുദേവന്റെ പ്രതിമകൾ ധ്വംസിക്കപ്പെട്ടത് ;

(സി) ഈ സംഭവങ്ങൾ സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ ;

(ഡി) ഈ കേസുകളിൽ എല്ലാംകൂടി എത്ര പ്രതികളുണ്ട് ;

(ഇ) അവരിൽ എത്രപേരെ ഇതുവരെ അറസ്റ്റ് ചെയ്തു ; ബാക്കിയുള്ളവരെ അറസ്റ്റ് ചെയ്യാതിരിക്കാനുള്ള കാരണമെന്ത് ;

(എഫ്) ഗുരുദേവ പ്രതിമകളുടെ ധ്വംസനത്തെപ്പറ്റി മാത്രം അന്വേഷിക്കുവാൻ പോലീസ് സേനയിലെ വിദഗ്ദ്ധന്മാർ ഉൾക്കൊള്ളുന്ന ഒരു ടാസ്ക് ഫോഴ്സിനെ നിയമിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എട്ട് സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 1. കൊല്ലം എസ്.എൻ.ഡി.പി. യോഗം ഹെഡ്ആഫീസിനു മുൻവശം സ്ഥാപിച്ചിട്ടുള്ള ഗുരുമന്ദിരവും പ്രതിമയും, കൂടാതെ.

2. കൊല്ലം കല്ലുവാതുക്കൽ.

3. കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഉളിയക്കോവിൽ.

4. ഇതേ സ്റ്റേഷനതിർത്തിയിൽ കടപ്പാക്കട.

5. കരുനാഗപള്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കൊച്ചുമാമൂട്.

6. ഇതേ സ്റ്റേഷനതിർത്തിയിൽ ആലുംകടവ്.

7. ആലപ്പുഴ ജില്ലയിൽ വളവനാട് (ദേശീയ പാതയ്ക്ക് അരികിൽ)

8. മുഹമ്മ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പാതിരാമണൽ എന്നീ സ്ഥലങ്ങളിലുള്ള ഗുരുദേവ പ്രതിമകളും തകർക്കപ്പെട്ടു.

(സി) ഉണ്ട്.

(ഡി) മൂന്ന് കേസ്സുകളിൽ ആകെ അഞ്ച് പ്രതികൾ ഉണ്ട്. ബാക്കി അഞ്ചു കേസ്സുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല.

(ഇ) മൂന്നുകേസ്സുകളിലെ അഞ്ചു പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കി കേസ്സുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല.

(എഫ്) ഗുരുദേവ പ്രതിമകൾ തകർത്തതുമായി ബന്ധപ്പെട്ട കേസ്സുകൾ മാത്രം അന്വേഷിക്കുന്നതിനു വേണ്ടി പ്രത്യേക അന്വേഷണ സംഘങ്ങളെ ക്രൈംബ്രാഞ്ചിലും ലോക്കൽ പോലീസിലും നിയോഗിച്ചിട്ടുണ്ട്.

**ശ്രീനാരായണ ഗുരുപ്രതിമകൾ തകർത്തതുമായി ബന്ധപ്പെട്ട കേസ്സുകൾ**

**70 (77)** ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 സെപ്റ്റംബർ മാസം മുതൽ 2000 മേയ് 31 വരെ സംസ്ഥാനത്ത് ശ്രീനാരായണഗുരുദേവന്റെ വിഗ്രഹം തല്ലിതകർത്തതോ ശ്രീനാരായണ ഗുരു ദേവ മന്ദിരങ്ങൾ തകർത്തതോ ആയ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഈ സംഭവങ്ങൾ സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; ഇവയിൽ ഓരോന്നിലും എത്ര പ്രതികൾ വീതമുണ്ട് ; പ്രതികൾ ആരെല്ലാമെന്നും അവരുടെ മേൽവിലാസം സഹിതം വ്യക്തമാക്കാമോ ;